**15 -ാം കേരള നിയമസഭ**

**16 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 1837** **04-02-2026 - ൽ മറുപടിയ്ക്ക്**

**കോക്ലിയാർ ഇംപ്ലാന്റേഷൻ ചികിത്സ ധനസഹായം**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ എം രാജഗോപാലൻ | | ഡോ. ആർ. ബിന്ദു<br>(ഉന്നതവിദ്യാഭ്യാസ-സാമൂഹ്യനീതി വകുപ്പ് മന്ത്രി) | |
| (എ) | നിലവിലെ സർക്കാർ അധികാരത്തിൽ വന്ന 2021 മുതൽ നാളിതുവരെയായി സാമൂഹ്യനീതി വകുപ്പ് വഴി കോക്ലിയാർ ഇംപ്ലാന്റേഷൻ ചികിത്സക്കായി എത്ര രൂപ ധനസഹായം അനുവദിച്ചിട്ടുണ്ടെന്നും എത്ര പേർക്ക് അതിന്റെ ഗുണം ലഭ്യമായിട്ടുണ്ടെന്നും അറിയിക്കാമോ? | (എ) | നിലവിലെ സർക്കാർ അധികാരത്തിൽ വന്ന 2021 മുതൽ നാളിതുവരെയായി സാമൂഹ്യനീതി വകുപ്പ് വഴി കോക്ലിയാർ ഇംപ്ലാന്റേഷൻ ചികിത്സക്കായി എത്ര രൂപ ധനസഹായം അനുവദിച്ചിട്ടുണ്ടെന്നും എത്ര പേർക്ക് അതിന്റെ ഗുണം ലഭ്യമായിട്ടുണ്ടെന്നുമുള്ള വിശദാംശം അനുബന്ധമായി ചേർത്തിരിക്കുന്നു. |

സെക്ഷൻ ഓഫീസർ

<u>അനുബന്ധം</u>

സാമൂഹ്യനീതി വകുപ്പ് കേരള സാമൂഹ്യസുരക്ഷമിഷൻ മുഖേന നല്കിവന്നിരുന്ന കോക്ലിയാർ ഇംപ്ലാന്റേഷൻ പദ്ധതി ധനസഹായം (ശ്രുതിതരംഗം) 26/07/2023-ലെ സ.ഉ.(സാധാ)നം.162/2023/സാനീവ പ്രകാരം ആരോഗ്യ വകുപ്പിന് കീഴിലുള്ള സ്റ്റേറ്റ് ഹെൽത്ത് ഏജൻസിക്ക് കൈമാറിയിരുന്നു. 5 വയസ്സുവരെ പ്രായമുള്ള കുട്ടികളിൽ നിന്നും ശ്രവണവൈകല്യമുള്ള കുട്ടികളെ വളരെ ചെറുപ്പത്തിൽ തന്നെ കണ്ടെത്തി കോക്ലിയാർ ഇംപ്ലാൻറേഷൻ സർജറി നടത്തി ആഡിറ്ററി വെർബൽ ഹബിലിറ്റേഷനിലൂടെ വൈകല്യം മാറ്റിയെടുക്കുന്ന പദ്ധതിയാണ് ശ്രുതിതരംഗം. തിരഞ്ഞെടുക്കപ്പെട്ട 10 സർക്കാർ/സ്വകാര്യ ആശുപത്രികളിലൂടെ ഈ പദ്ധതി നടപ്പിലാക്കി വന്നിരുന്നു. ഇതോടൊപ്പം ശ്രുതിതരംഗം പദ്ധതി ആരംഭിക്കുന്നതിനു മുൻപ് കോക്ലിയാർ ഇംപ്ലാന്റേഷൻ ശസ്ത്രക്രിയ പൂർത്തീകരിച്ച കുട്ടികളുടെ സ്പീച്ച് പ്രോസസ്സർ അപ്ഗ്രേഡ് ചെയ്തു നൽകുന്ന ധ്വനി പദ്ധതി, കോക്ലിയാർ ഇംപ്ലാന്റേഷൻ ശസ്ത്രക്രിയ കഴിഞ്ഞ കുട്ടികളുടെ അനുബന്ധ ഉപകരണങ്ങളുടെ മെയിന്റനൻസ് എന്നിവ ശ്രുതിതരംഗം പദ്ധതിയിൽ ഉൾപ്പെടുന്നു. സാമൂഹ്യനീതി വകുപ്പ് കേരള സാമൂഹ്യസുരക്ഷമിഷൻ മുഖേന നല്കിവന്നിരുന്ന **കോക്ലിയാർ ഇംപ്ലാന്റേഷൻ പദ്ധതി ധനസഹായം (ശ്രുതിതരംഗം)** 26/07/2023-ലെ സ.ഉ.(സാധാ)നം.162/2023/സാനീവ പ്രകാരം ആരോഗ്യ വകുപ്പിന് കീഴിലുള്ള സ്റ്റേറ്റ് ഹെൽത്ത് ഏജൻസിക്ക് കൈമാറിയിരുന്നു. പദ്ധതി കൈമാറിയതിനുശേഷം കോക്ലിയാർ ഇംപ്ലാന്റ് വാങ്ങിയ കമ്പനികൾക്ക് നൽകേണ്ട തുക സ്റ്റേറ്റ് ഹെൽത്ത് ഏജൻസി കേരള സാമൂഹ്യസുരക്ഷമിഷന് കൈമാറുകയും പ്രസ്തുത തുക 2024-2025 സാമ്പത്തിക വർഷത്തിൽ കമ്പനികൾക്ക് അനുവദിച്ചു കൊടുക്കുകയും ചെയ്തിട്ടുണ്ട്.

നിലവിലെ സർക്കാർ അധികാരത്തിൽ വന്ന 2021 മുതൽ പദ്ധതി ആരോഗ്യ ഏജൻസിയ്ക്ക് കൈമാറിയത് വരെ ധനസഹായം അനുവദിച്ചതിന്റെയും എത്ര പേർക്ക് അതിന്റെ ഗുണം ലഭിച്ചു എന്നതിന്റെയും വിശദാംശം ചുവടെ ചേർക്കുന്നു.

| സാമ്പത്തിക വർഷം | ചെലവഴിച്ച തുക | ഗുണഭോക്താക്കളുടെ എണ്ണം |
|---|---|---|
| 2021 – 2022 | 799.77 ലക്ഷം | 349<br>(ശ്രുതിതരംഗം – 96<br>മെയിന്റനൻസ് – 216<br>ധ്വനി – 37) |
| 2022 – 2023 | 764.24 ലക്ഷം | 350<br>(ശ്രുതിതരംഗം – 109<br>മെയിന്റനൻസ് – 212<br>ധ്വനി – 29) |
| 2023 – 2024 | – | – |
| 2024 – 2025 | 233.42 ലക്ഷം | |

| | | |
|---|---|---|
| | (കമ്പനികൾക്ക് നൽകേണ്ട കുടിശ്ശിക തുക) | |
| **ആകെ** | **1797.43 ലക്ഷം** | |

സ്റ്റേറ്റ് ഹെൽത്ത് ഏജൻസിക്ക് **കോക്ലിയാർ ഇംപ്ലാന്റേഷൻ പദ്ധതി ധനസഹായം (ശ്രുതിതരംഗം)** പദ്ധതി കൈമാറിയ ശേഷമുള്ള സ്ഥിതി വിവര റിപ്പോർട്ട് ചുവടെ ചേർക്കുന്നു

| SL No | Category | No. of Cases Allotted | No. of Cases Completed | No. of Process (Ongoing) |
|---|---|---|---|---|
| 1 | സർജറി | 204 | 177 | 27 |
| 2 | മെയിന്റനൻസ് | 1406 | 1161 | 245 |
| 3 | അപ്ഗ്രഡേഷൻ | 357 | 346 | 11 |